LIBRARY ARCHIVES Kerala Legislative Assembly

ഹോം എക്കണോമിക്സ് കോഴ്സിന്റെ ഇൻറർവ്യൂ.

* 556. [7] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻറിലേക്ക് നടത്തുവാനുദ്ദേശിക്കുന്ന ഹോം എക്കണോമിക്സ് കോഴ്സിൽ ചേരാൻ സംസ്ഥാനത്തുനിന്നും മൊത്തം എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേരെ തിരഞ്ഞെടുത്തു;

(ബി) ഈ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം എന്തായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കൊട്ടാരക്കര എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻറിലേക്ക് ചേർന്നു നടത്താനുദ്ദേശിക്കുന്ന ഹോം എക്കണോമിക്സ് കോഴ്സിൽ ചേരാൻ സംസ്ഥാനത്തുനിന്നും മൊത്തം 2734 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 20 പേരെ തിരഞ്ഞെടുത്തു.

(ബി) നിശ്ചിത പരീക്ഷായോഗ്യതകൾ ഉള്ളവരെ അതാത് ഡിസ്ട്രിക്റ്റിലേയ്ക്കായി ക്ഷണിച്ചു. ഡിസ്ട്രിക്റ്റ് സെലക്ഷൻ കമ്മിറ്റി പ്രാഥമിക തിരഞ്ഞെടുപ്പ് നടത്തുകയും ഓരോ ഡിസ്ട്രിക്റ്റിലും 30 പേരെവീതം ഒരു സെലക്ഷൻ ബോർഡ് ഇൻറർവ്യൂ നടത്തി 20 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു.

ശ്രീ. പി. ആർ. മാധവൻ പിള്ള : സെലക്ഷൻബോർഡ് മുഖാന്തിരമല്ലാതെ നേരത്തെതന്നെ ഇതിലേയ്ക്കുവേണ്ടി പത്തു പതിനാലുപേരെ തിരഞ്ഞെടുത്തിട്ടുണ്ട് എന്നു് അറിയുന്നതിൽ വല്ല വാസ്തവവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ തിരഞ്ഞെടുത്തിട്ടുണ്ടോ എന്നു് എനിക്കു് അറിഞ്ഞുകൂടാ.

ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകൾ.

* 557. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷത്തിൽ ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകൾ നിറുത്തൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ;

(ബി) അങ്ങനെ നിറുത്തൽചെയ്യാനുള്ള കാരണമെന്തു്;

(സി) ആറിഞ്ഞലെ ട്രെയിനിംഗ്സ്കൂൾ നിറുത്തലാക്കിയതിനെക്കുറിച്ചു് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടു്. ട്രെയിനിംഗ്സ്കൂൾ നിറുത്തിയിട്ടില്ല. അതു് ബേസിക് ട്രെയിനിംഗ്സ്കൂൾ ആക്കിയതെയുള്ളൂ എന്ന മറുപടിയും കൊടുത്തിട്ടുണ്ടു്.